| 30–12–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ– ശുഭകാര്യം ചെയ്യുന്നതിൽ വൈകിക്കരുത്, തന്റെ സഹോദരീ സഹോദരങ്ങളെ ദുഖത്തിൽ നിന്നും രക്ഷിക്കണം, ഊതിയൂതി തനിക്കു സമാനമാക്കി മാറ്റണം.**

**ചോദ്യം–** ഏതൊരു കാര്യത്തിൽ അനർത്ഥം സംഭവിച്ചതിനാലാണ് ഭാരതം കക്കയ്ക്കു സമാനമായി മാറിയത്?
**ഉത്തരം–** ഏറ്റവും വലിയ അനർത്ഥം പറ്റിയതിതാണ്, ഗീതയുടെ ഭഗവാനെ മറന്ന്, ഗീതാജ്ഞാനത്തിലൂടെ ജന്മമെടുക്കുന്ന കുട്ടിയെ ഗീതയുടെ ഭഗവാനാണെന്നു പറഞ്ഞു. ഈ ഒരു അനർത്ഥത്താൽ എല്ലാവരും അച്ഛനിൽ നിന്നും മുഖം തിരിച്ചു. ഭാരതം കക്കയ്ക്കു സമാനമായിത്തീർന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ അച്ഛന്റെ സന്മുഖത്ത് ഇരുന്ന് സത്യമായ ഗീത കേൾക്കുകയാണ് ഈ ഗീതാജ്ഞാനത്തിലൂടെ തന്നെയാണ് ദേവീദേവതാ ധർമ്മത്തിന്റെ സ്ഥാപനയുണ്ടാകുന്നത്, നിങ്ങൾ ശ്രീകൃഷ്ണനു സമാനമായിത്തീരുന്നത്.

**ഗീതം–** ആരാണ് ഈ കളികളെല്ലാം രചിച്ചത്.............

**ഓംശാന്തി**. ബ്രാഹ്മണകുല ഭൂഷണരായ കുട്ടികൾ മനസ്സിലാക്കുന്നു, നമുക്ക് സ്വർഗ്ഗത്തിൽ അപാരമായ സുഖം ഉണ്ടായിരുന്നു, നമ്മൾ വളരെ സന്തുഷ്ടരായിരുന്നു, നമ്മൾ ജീവാത്മാക്കൾ സ്വർഗ്ഗത്തിൽ വളരെ ആനന്ദത്തിലായിരുന്നു, പിന്നീട് എന്തു സംഭവിച്ചു? വിവിധ രൂപത്തിൽ മായ വന്ന് പിടികൂടി. വികാരങ്ങൾ ഉള്ളകാരണത്താൽ തന്നെയാണ് ഇതിനെ നരകം എന്നു പറയുന്നത്. മുഴുവൻ ലോകവും നരകമാണ്. വേട്ടാളന്റെ ഉദാഹരണം പറയുന്നു, ഇപ്പോൾ വേട്ടാളന്റെയും ബ്രാഹ്മണിയുടേയും ജോലി ഒന്നു തന്നെയാണ്. വേട്ടാളന്റെ ഉദാഹരണം നിങ്ങളെ പ്രതിയുള്ളതാണ്. വേട്ടാളൻ കീടത്തെ കൊണ്ടുവന്ന്, ഒരു കൂടുണ്ടാക്കി കീടത്തെ അതിൽ സൂക്ഷിക്കുന്നു. ഇതു നരകമാണ്. എല്ലാവരും കീടങ്ങളാണ്. പക്ഷേ എല്ലാ കീടങ്ങളും ദേവീദേവതാ ധർമ്മത്തിലുള്ളവരല്ല. ഏത് ധർമ്മത്തിലുള്ളവരായാലും ശരി അവർ നരകവാസി കീടങ്ങളാണ്. ബ്രഹ്മാവംശി ബ്രാഹ്മണികൾ ഇരുന്ന് ഭൂം ഭൂം ചെയ്യുന്നുണ്ട് ഇതിൽ ആരാണ് ദേവീദേവതാ ധർമ്മത്തിലെ കീടങ്ങൾ എന്ന് എങ്ങനെ അറിയും. ആരാണോ ദേവതാ ധർമ്മത്തുലുള്ളത് അവർക്കേ നിലനിൽക്കാൻ കഴിയൂ. ആരാണോ ധർമ്മത്തിലില്ലാത്തത് അവർ നിൽക്കില്ല. എല്ലാവരും നരകവാസി കീടങ്ങൾ തന്നെയാണ്. സന്യാസിമാരും പറയുന്നത് ഇതുതന്നെയാണ് ഈ നരകത്തിലെ സുഖം കാകവിഷ്ട സമാനമാണ്. സ്വർഗ്ഗത്തിൽ അളവില്ലാത്ത സുഖം ഉണ്ടെന്നത് അവർക്ക് അറിയില്ല. ഇവിടെ 5 ശതമാനം സുഖവും ബാക്കി 95 ശതമാനം ദുഃഖവുമാണ്. അതിനാൽ ഇതിനെ സ്വർഗ്ഗമെന്ന് പറയാൻ സാധിക്കില്ല. സ്വർഗ്ഗത്തിൽ ദുഃഖമെന്ന വാക്കുപോലുമുണ്ടാകില്ല. ഇവിടെ അനേകം ശാസ്ത്രങ്ങളും അനേകം ധർമ്മങ്ങളും അനേകം മതങ്ങളുമുണ്ട്. സ്വർഗ്ഗത്തിൽ ഒരേ ഒരു അദ്വൈതമതമാണുള്ളത്. ഒരേ ഒരു ധർമ്മമാണുള്ളത്. നിങ്ങളാണ് ബ്രാഹ്മിണികൾ. നിങ്ങൾ ഭൂം ഭൂം ചെയ്യുന്നു പിന്നീട് ആരാണോ ഈ ധർമ്മത്തിലുള്ളവർ അവർ നിലനിൽക്കുന്നു. അനേക പ്രകാരത്തിലുള്ളവരുണ്ട്. ചിലർ പ്രകൃതിയെ ആരാധിക്കുന്നു, ചിലർ സയൻസിനെ അംഗീകരിക്കുന്നു, ചിലർ പറയുന്നു ഈ സൃഷ്ടി കാല്പനികം മാത്രമാണ്. ഇങ്ങനെയുള്ള സംഭാഷണങ്ങൾ ഇവിടെയാണ് നടക്കുക, സത്യയുഗത്തിലുണ്ടാകില്ല. ഇത് പരിധിയില്ലാത്ത അച്ഛൻ പ്രജാപിതാ ബ്രഹ്മാമുഖ കമലത്തിലൂടെ തന്റെ കുട്ടികൾക്ക് ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്,അതായത് നിങ്ങൾ എന്റെ അടുത്തായിരുന്നു, ഇപ്പോൾ വീണ്ടും എന്റെ അടുത്തേയ്ക്ക് വരണം. ഇവിടെ ശാസ്ത്രങ്ങളുടെ കാര്യമേ ഉദിക്കുന്നില്ല. ക്രിസ്തുവും ബുദ്ധനും വരുന്നുണ്ട്, അവരും വന്ന് കേൾപ്പിച്ചിരുന്നു, ആ സമയത്ത് ശാസ്ത്രത്തിന്റെ കാര്യം ഉയർന്നില്ല. എന്താ ക്രിസ്തു ബൈബിൾ വായിച്ചിരുന്നോ? ബൈബിൾ എന്ന ഗ്രന്ഥമേ ഉണ്ടായിരുന്നില്ല. അച്ഛൻ പറയുന്നു– കുട്ടികളേ, നിങ്ങൾ നിങ്ങളുടെ അവസ്ഥയൊന്നു നോക്കൂ. മായാരാവണൻ നിങ്ങളുടെ അവസ്ഥയെ എങ്ങനെയാക്കി മാറ്റി! ഞങ്ങൾ ആസുരീയ രാവണ സമ്പ്രദായത്തിലാണ് എന്ന് മനസ്സിലാക്കുന്നുണ്ട്. രാവണനെ കത്തിക്കുന്നുമുണ്ട് എന്നാൽ കത്തുന്നില്ല. രാവണനെ കത്തിക്കുന്നത് എപ്പോൾ അവസാനിക്കും? ഇത് മനുഷ്യർക്ക് അറിയില്ല. നിങ്ങൾ ഈശ്വരീയ ദൈവീക സമ്പ്രദായത്തിലാണ്. നിങ്ങൾ എന്റെ കുട്ടികളാണ്, ഇപ്പോൾ ഞാൻ വീണ്ടും വന്നിരിക്കുകയാണ് നിങ്ങൾ കുട്ടികളെ രാജയോഗം പഠിപ്പിക്കാൻ. അനേക ധർമ്മങ്ങളുണ്ട്. അതിൽ നിന്ന് വേർപെടുത്തുന്നതിന് എത്ര സമയമെടുക്കുന്നു. ഗീതയും എവിടെ നിന്നാണ് വന്നത്? ആദി സനാതനദേവീ ദേവതാ ധർമ്മത്തിന്റെ അടയാളങ്ങൾ എന്തെല്ലാമുണ്ടോ അതെല്ലാം എവിടെ നിന്നാണ് വന്നത്? വേദ ശാസ്ത്രങ്ങൾ പിന്നീട് ഋഷി മുനിമാർ ഇരുന്ന് ഉണ്ടാക്കിയതാണ് അതാണ് ഇതുവരെ കേട്ടുവന്നത്. വേദം ആരാണ് പാടിയത്? വേദങ്ങളുടെ അച്ഛൻ ആരാണ്? ബാബ പറയുന്നു ഗീതയുടെ ഭഗവാൻ ഞാനാണ്. ഗീതാ മാതാവിനെ രചിച്ചത് ശിവബാബയാണ് പിന്നീട് അതിൽ നിന്നും കൃഷ്ണന്റെ ജന്മമുണ്ടായി. അവരുടെ കൂടെ രാധയും എല്ലാ

വരും വരുന്നു. ആദ്യം ബ്രാഹ്മണർ തന്നെയായിരിക്കും.

നിങ്ങൾ കുട്ടികൾക്ക് നിശ്ചയമുണ്ട് ഇത് നമ്മുടെ അതി സ്നേഹിയായ അച്ഛനാണ്– ഈ അച്ഛനോടാണ് എല്ലാവരും പറയുന്നത് അല്ലയോ ഈശ്വരീയ പിതാവേ ദയ കാണിക്കു എന്ന്. ഭക്തർ വിളിക്കുന്നു ഭഗവാനെ എങ്ങിനെയാണീ ദുഃഖത്തിൽ നിന്നും രക്ഷപ്പെടുക. അഥവാ ഭഗവാൻ സർവ്വവ്യാപിയാണെങ്കിൽ പിന്നെ വിളിക്കേണ്ട ആവശ്യമേയില്ല. മുഖ്യമായത് ഗീതയുടെ കാര്യമാണ്, എത്ര യജ്ഞങ്ങൾ രചിക്കുന്നു. ഇപ്പോൾ നിങ്ങൾ ഇങ്ങനെയുള്ള നോട്ടീസുകൾ അച്ചടിക്കു. ഇപ്പോൾ എത്ര വലിയ അനർത്ഥമായിരിക്കുകയാണ്. അവിടെ നോക്കിയാലും ഇവിടെ നോക്കിയാലും ഗീത എഴുതിക്കൊണ്ടിരിക്കുന്നു. ഗീത ആരാണ് രചിച്ചത്, ആരാണ് പറഞ്ഞത്, എപ്പോഴാണ് പറഞ്ഞത്, ആരാണ് ഉണ്ടാക്കിയത്, ഒന്നും അറിയില്ല. കൃഷ്ണന്റേയും യഥാർത്ഥ പരിചയമില്ല. കേവലം പറയുന്നു എവിടെ നോക്കിയാലും സർവ്വവ്യാപിയായ കൃഷ്ണൻ തന്നെ കൃഷ്ണൻ. രാധയുടെ ഭക്തർ രാധയെ കുറച്ച് പറയും എല്ലായിടത്തും സർവ്വവ്യാപിയായ രാധ തന്നെ രാധ. ഒരു നിരാകാരനായ പരമാത്മാവിനെ പറയുകയാണെങ്കിൽ പോലും അങ്ങിനെത്തന്നെ. എല്ലാവരേയും എന്തിനാണ് സർവ്വവ്യാപിയാക്കിയത്. ഗണേശനെക്കുറിച്ചും പറയും സർവ്വവ്യാപിയാണെന്ന്. മഥുരാ നഗരത്തിൽ എല്ലാവരും പറയും ശ്രീകൃഷ്ണൻ സർവ്വവ്യാപിയാണ്, ചിലർ പറയും രാധ സർവ്വവ്യാപിയാണെന്ന്. എത്രത്തോളം ബോധമില്ലാത്തവരായിരിക്കുന്നു. ഒരാളുടെ അഭിപ്രായം അടുത്ത ആളുമായി യോജിക്കില്ല. ഒരു വീട്ടിൽ തന്നെ അച്ഛന്റെ ഗുരു ഒരാളായിരിക്കും മകന്റെ ഗുരു മറ്റൊരാളായിരിക്കും. വാസ്തവത്തിൽ വാനപ്രസ്ഥ അവസ്ഥയിലാണ് ഗുരുവിന്റെ അടുത്തേയ്ക്ക് പോവുക. അച്ഛൻ പറയുന്നു ഞാനും വന്നിരിക്കുകയാണ് ഇവരുടെ വാനപ്രസ്ഥ അവസ്ഥയിൽ. ലോകത്തിൽ ആളുകൾക്ക് എത്ര വലിയ ഗുരുവുണ്ടോ അത്രയും ലഹരിയും ഉണ്ടായിരിക്കും. ആദിദേവന് മഹാവീരൻ എന്നും പേരു നൽകിയിട്ടുണ്ട്. ഹനുമാനേയും മഹാവീരൻ എന്നു പറയാറുണ്ട്. നിങ്ങൾ ശക്തികളാണ് മഹാവീരന്മാർ. ദിൽവാഡാ ക്ഷേത്രത്തിൽ ശക്തികൾ സിംഹപ്പുറത്തും പാണ്ഡവർ ആനപ്പുറത്തും സവാരി ചെയ്യുന്നതായി കാണിക്കുന്നു. ക്ഷേത്രം വളരെ യുക്തിപൂർവ്വമാണ് ഉണ്ടാക്കിയിരിക്കുന്നത്. നിങ്ങളുടെ അതേപടി ഓർമ്മചിഹ്നമാണ്. നിങ്ങളുടെ ചിത്രം നൽകാൻ നിങ്ങൾ ആ സമയത്ത് ഉണ്ടാവുകയേയില്ല. ക്ഷേത്രങ്ങളെല്ലാം നിർമ്മിച്ചത് ദ്വാപരയുഗത്തിലാണെങ്കിൽ അതിൽ നിങ്ങളുടെ ചിത്രം എവിടെ നിന്നു വരും. സേവനം ചെയ്യുന്നത് നിങ്ങൾ ഇപ്പോളാണ്. അവർ അതിനുശേഷമാണ് ശാസ്ത്രങ്ങൾ ഉണ്ടാക്കിയത്. അഥവാ നമ്മൾ ഇപ്പോൾ ഗീതയുടെ പേര് പരാമർശിക്കുന്നില്ലെങ്കിൽ അവർ ചിന്തിക്കും– അറിയുന്നില്ലല്ലോ, ഇത് ഏത് പുതിയ ധർമ്മമാണ്? എത്ര പരിശ്രമമാണ്. അവർ ഈ ലോകത്തിൽ കേവലം ധർമ്മം സ്ഥാപിക്കുന്നു. നിങ്ങളെയാണെങ്കിൽ അച്ഛൻ പുതിയ ലോകത്തിനുവേണ്ടി തയ്യാറാക്കുകയാണ്.

അച്ഛൻ പറയുന്നു ഞാൻ ചെയ്യുന്നതുപോലുള്ള കർത്തവ്യം മറ്റാരും ചെയ്യുന്നില്ല. സർവ്വപതിതരേയും പാവനമാക്കേണ്ടി വരും. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് താക്കീത് നൽകേണ്ടി വരുന്നു. ഭാരതത്തിൽ എത്ര വലിയ അനർത്ഥമാണ് ഉണ്ടായത് അതിന്റെ കാരണത്താൽ ഭാരതം കക്കയ്ക്കുതുല്യമായി മാറി. അച്ഛൻ ഗീതാമാതാവിലൂടെ കൃഷ്ണന് ജന്മം നൽകി എന്നാൽ അവർ പിന്നീട് കൃഷ്ണനെ ഗീതയുടെ ഭഗവാനാക്കി മാറ്റി. ഗീതയുടെ ഭഗവാൻ ശിവനാണ്, ശിവനാണ് ഗീതയിലൂടെ കൃഷ്ണന് ജന്മം നൽകിയത്. നിങ്ങൾ എല്ലാവരും സഞ്ജയന്മാരാണ്, കേൾപ്പിക്കുന്നത് ഒരേ ഒരു ശിവബാബയാണ്. പ്രാചീന ദേവീദേവതാ ധർമ്മത്തെ രചിച്ചത് ആരാണ്? ഇതെല്ലാം എഴുതാൻ ബുദ്ധി വേണം. ഗീതയിലൂടെയാണ് നമ്മൾ ജന്മമെടുക്കുന്നത്. മമ്മ രാധയും ബ്രഹ്മാബാബ കൃഷ്ണനുമാകും. ഇത് ഗുപ്തമായ കാര്യങ്ങളല്ലേ. ബ്രാഹ്മണരുടെ ജന്മത്തെ ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. കൃഷ്ണന്റേയും പരമാത്മാവിന്റേയും കാര്യമാണ്. ബ്രഹ്മാവ്, കൃഷ്ണൻ പിന്നെ ശിവബാബ ഈ കാര്യങ്ങളെല്ലാം വളരെ ഗുഹ്യമല്ലേ. ഈ കാര്യങ്ങളെ മനസ്സിലാക്കാൻ വളരെ വലിയ ബുദ്ധിവേണം. ആരാണോ പൂർണ്ണമായി യോഗം വെയ്ക്കുന്നത് അവരുടെ ബുദ്ധി പവിഴമാകാൻ തുടങ്ങും. അലഞ്ഞുതിരിയുന്ന ബുദ്ധിയിൽ ഇത് നിൽക്കില്ല. ബാബ നിങ്ങൾ കുട്ടികൾക്ക് എത്ര ശ്രേഷ്ഠമായ ജ്ഞാനമാണ് നൽകുന്നത്. വിദ്യാർത്ഥികൾ അവരുടെ ബുദ്ധിയും ഉപയോഗിക്കുമല്ലോ. അതിനാൽ ഇപ്പോൾ ഇരുന്ന് എഴുതു. ശുഭകാര്യങ്ങൾ വൈകിക്കാൻ പാടില്ല. നമ്മൾ സാഗരന്റെ കുട്ടികൾക്ക് തന്റെ സഹോദരി സഹോദരന്മാരെ രക്ഷിക്കണം. പാവങ്ങൾ കാലിടറി വീണുകൊണ്ടിരിക്കുന്നു. പറയും ബി.കെ ഇത്രയും പറയുന്നുണ്ടെങ്കിൽ എന്തെങ്കിലും കാര്യമുണ്ടാകും. ലക്ഷക്കണക്കിന് നോട്ടീസുകൾ അടിച്ച് ഗീതാപാഠശാല മുതലായവയിൽ വിതരണം ചെയ്യൂ. ഭാരതം അവിനാശീ ഖണ്ഢമാണ് പിന്നെ സർവ്വോത്തമ തീർത്ഥമാണ്. എല്ലാവർക്കും സദ്ഗതി നൽകുന്ന അച്ഛന്റെ തീർത്ഥസ്ഥാനങ്ങളെ മുക്കിക്കളഞ്ഞു അതിനാൽ വീണ്ടും അച്ഛന്റെ പേര് പുറത്തുകൊണ്ടുവരണം. പുഷ്പം അർപ്പിക്കാൻ യോഗ്യനായി ഒരു ശിവബാബ മാത്രമേയുള്ളു. ബാക്കി എല്ലാം വ്യർത്ഥമാണ്. ഗീതാപാഠശാലകൾ അനേകമുണ്ട്. നിങ്ങൾ വേഷം മാറി അവിടേയ്ക്കുപോകു. ഇവർ ബി.കെ ആയിരിക്കും എന്ന് പിന്നീട് മനസ്സിലാക്കട്ടെ.

ഇങ്ങനെയുള്ള ചോദ്യങ്ങൾ മറ്റാർക്കും ചോദിക്കാൻ സാധിക്കില്ല. ശരി–

നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ശിവബാബ ബ്രഹ്മാശരീരത്തിൽ ഇരുന്ന് ഈ കാര്യങ്ങൾ മനസ്സിലാക്കിത്തരുകയാണ്. സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്ന ആ അച്ഛൻ ഇപ്പോൾ വന്നിട്ടുണ്ട്. ഏതുവരെ ബ്രാഹ്മണനാകുന്നില്ലയോ അതുവരെ ദേവതയാകാൻ സാധിക്കില്ല. ബ്രാഹ്മണകുലം ദേവതകളേക്കാൾ ഉയർന്നതാണ്. സർവ്വരുടേയും ആത്മാവ് പാവനമാവുകയാണ്. നിങ്ങൾ പിന്നീട് പുതിയ ലോകത്തിൽ പുനർജന്മമെടുക്കും. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## രാത്രിക്ലാസ് 12.1.69

നിങ്ങൾ കുട്ടികൾ ഒരേ ഒരു അച്ഛന്റെ ഓർമ്മയിൽ ഇരിക്കുകയാണ്, ഒരാളുടെ മാത്രം ഓർമ്മയിൽ ഇരിക്കുന്നതാണ് അവ്യഭിചാരീ ഓർമ്മ. അഥവാ ഇവിടെയിരുന്നിട്ടും രണ്ടാമത് ആരുടേയെങ്കിലും ഓർമ്മ വരുകയാണെങ്കിൽ അതിനെ വ്യഭിചാരീ ഓർമ്മ എന്നു പറയും. കഴിക്കുന്നതും കുടിക്കുന്നതും ഇരിക്കുന്നതും ഒരു വീട്ടിൽ എന്നിട്ട് ഓർമ്മിക്കുന്നത് മറ്റൊരാളെ എങ്കിൽ ഇത് ചതിയാണ്. ഭക്തിമാർഗ്ഗത്തിലും ശിവബാബയെ മാത്രം പൂജിച്ചപ്പോൾ അത് അവ്യഭിചാരീ ഭക്തിയായിരുന്നു പിന്നീട് മറ്റുള്ളവരേയും ഓർമ്മിക്കാൻ തുടങ്ങിയപ്പോൾ അത് വ്യഭിചാരീ ഭക്തിയായിത്തീർന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം ലഭിച്ചിരിക്കുന്നു, ഒരു അച്ഛൻ എത്ര അത്ഭുതമാണ് കാണിക്കുന്നത്! നമ്മളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. അതിനാൽ ആ ഒരാളെത്തന്നെയാണ് ഓർമ്മിക്കേണ്ടത്. എന്റേത് ഒരാൾ മാത്രം. പക്ഷേ കുട്ടികൾ പറയുന്നു ശിവബാബയുടെ ഓർമ്മ മറന്നുപോകുന്നു. ആഹാ! ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ പറഞ്ഞിരുന്നു ഞങ്ങൾ ഒരാളുടെ ഭക്തിയേ ചെയ്യൂ. ആ ഒരാൾ തന്നെയാണ് പതിതപാവനൻ, ബാക്കി ആരെയും പതിതപാവനൻ എന്നു പറയില്ല. ഒരാളെമാത്രമാണ് അങ്ങനെ വിളിക്കുന്നത്. അവർ തന്നെയാണ് ഉയർന്നതിലും ഉയർന്നത്. ഇപ്പോൾ ഭക്തിയുടെ കാര്യമില്ല. കുട്ടികൾക്ക് ജ്ഞാനമുണ്ട്. ജ്ഞാനസാഗരനെ ഓർമ്മിക്കണം. ഭക്തിമാർഗ്ഗത്തിൽ പറയുന്നു അങ്ങ് വരുകയാണെങ്കിൽ ഞങ്ങൾ അങ്ങ് ഒരാളെ മാത്രമേ ഓർമ്മിക്കൂ. അതിനാൽ ഈ കാര്യങ്ങളെല്ലാം ഓർമ്മിക്കണം. എല്ലാവരും സ്വയത്തോട് ചോദിക്കണം ഞാൻ ഒരു ബാബയെ മാത്രമാണോ ഓർമ്മിക്കുന്നത് അതോ അനേകം മിത്ര, സംബന്ധികളേയും ഓർമ്മിക്കുന്നുണ്ടോ? ഒരു ബാബയിൽ മാത്രം മനസ്സ് വെയ്ക്കണം. അഥവാ മനസ്സ് മറ്റെവിടേയ്ക്കെങ്കിലും പോയാൽ ഓർമ്മ വ്യഭിചാരിയായി മാറും. അച്ഛൻ പറയുന്നു കുട്ടികളേ എന്നെ മാത്രം ഓർമ്മിക്കൂ. പിന്നീട് അവിടെ നിങ്ങൾക്ക് ദൈവീക സംബന്ധികളെ ലഭിക്കും. പുതിയ ലോകത്തിൽ എല്ലാം പുതിയതായി ലഭിക്കും. അതിനാൽ സ്വയം പരിശോധിക്കണം ഞാൻ ആരെയാണ് ഓർമ്മിക്കുന്നത്? അച്ഛൻ പറയുന്നു നിങ്ങൾ പാരലൗകിക പിതാവായ എന്നെ ഓർമ്മിക്കൂ. ഞാൻ തന്നെയാണ് പതിതപാവനൻ, പരിശ്രമിച്ച് ബുദ്ധിയോഗം മറ്റുഭാഗങ്ങളിൽ നിന്നും വേർപെടുത്തി അച്ഛനെ ഓർമ്മിക്കണം. എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രയും പാപം ഇല്ലാതാകും. എത്രത്തോളം ഞങ്ങൾ ഓർമ്മിക്കുമോ അത്രയും ബാബയും ഓർമ്മിക്കും എന്നല്ല. ബാബയ്ക്ക് എന്തെങ്കിലും പാപം ഇല്ലാതാക്കാനുണ്ടോ. ഇപ്പോൾ നിങ്ങൾ ഇവിടെ ഇരിക്കുന്നത് പാവനമായി മാറുന്നതിനുവേണ്ടിയാണ്. ശിവബാബയും ഇവിടെയുണ്ട്. ബാബയ്ക്ക് സ്വന്തമായി ശരീരവുമില്ല അതിനാൽ ലോൺ എടുത്തിരിക്കുകയാണ്. നിങ്ങൾ അച്ഛനോട് പ്രതിജ്ഞചെയ്തിട്ടുണ്ട്– ബാബാ അങ്ങ് വരുകയാണെങ്കിൽ ഞങ്ങൾ അങ്ങയുടേതായി മാറി പുതിയലോകത്തിന്റെ അധികാരിയായി മാറും. സ്വയം തന്റെ ഹൃദയത്തോട് ചോദിച്ചുകൊണ്ടിരിക്കൂ. ബുദ്ധിയോഗത്തിന്റെ ബന്ധം ഇടയ്ക്കിടയ്ക്ക് ബാബയിൽ നിന്നും മുറിയുന്നുണ്ട് എന്ന് അറിയാമല്ലോ. അച്ഛനറിയാം ബന്ധം മുറിയും പിന്നീട് വീണ്ടും ഓർമ്മിക്കും വീണ്ടും മുറിയും. കുട്ടികൾ നമ്പർവൈസ് പുരുഷാർത്ഥം ചെയ്യുന്നുണ്ട്. നല്ലരീതിയിൽ ഓർമ്മിക്കുകയാണെങ്കിൽ ഈ പരമ്പരയിൽ വരും. തന്റെ പരിശോധന നടത്തിക്കൊണ്ടിരിക്കൂ, ഡയറി എഴുതൂ. മുഴുവൻ ദിവസത്തിലും എന്റെ ബുദ്ധിയോഗം എവിടെയെല്ലാം പോയി? എങ്കിൽ ബാബ മനസ്സിലാക്കിത്തരും. ആത്മാവിലുള്ള മനസ്സും ബുദ്ധിയും അലഞ്ഞു കൊണ്ടിരിക്കും. അച്ഛൻ പറയുന്നു അലയുന്നതിലൂടെ നഷ്ടമുണ്ടാകും. എന്നെ ഓർമ്മിക്കുന്നതിലൂടെ ലാഭമുണ്ടാകുന്നു, ബാക്കി എല്ലാത്തിൽ നിന്നും നഷ്ടം തന്നെ നഷ്ടമാണ്. ഓർമ്മിക്കേണ്ടത് മുഖ്യമായി ഒരാളെയാണ്. തന്റെമേൽ അതീവ ശ്രദ്ധവെയ്ക്കണം, ഓരോ ചുവടിലും ലാഭമോ, നഷ്ടമോ. 84 ജന്മങ്ങൾ ദേഹധാരികളെ ഓർമ്മിച്ച് നഷ്ടമാണ് ഉണ്ടാക്കിയത്. ഓരോ ദിവസങ്ങളായി 5000 വർഷങ്ങൾ കഴിഞ്ഞുപോയി, നഷ്ടം മാത്രമാണുണ്ടായത്, ഇപ്പോൾ അച്ഛന്റെ ഓർമ്മ

യിൽ ഇരുന്ന് ലാഭം ഉണ്ടാക്കണം.
ഇങ്ങനെ വിചാരസാഗര മഥനം ചെയ്ത് ജ്ഞാനരത്നങ്ങൾ എടുക്കണം, അച്ഛന്റെ ഓർമ്മയിൽ ഏകാഗ്രചിത്തരായിരിക്കണം. ചില കുട്ടികൾക്ക് കക്കകൾ സമ്പാദിക്കുന്നതിന്റെ ചിന്തയുണ്ട്. മായ ജോലിയുടേയും മറ്റും ചിന്തകൾ കൊണ്ടുവരുന്നു. ധനവാന്മാർക്ക് ചിന്ത വളരെ കൂടുതലാണ്. ബാബാ എന്താണ് ചെയ്യുക. ബ്രഹ്മാ ബാബയുടേത് എത്ര നല്ല ജോലിയായിരുന്നു, ബുദ്ധിമുട്ടേണ്ട ആവശ്യംപോലും ഉണ്ടായിരുന്നില്ല. ഏതെങ്കിലും വ്യാപാരി വരുകയാണെങ്കിൽ ഞാൻ ചോദിക്കുമായിരുന്നു താങ്കൾ വ്യാപാരിയാണോ അതോ ഏജന്റ് ആണോ? (ചരിത്രം) നിങ്ങൾ ജോലി മുതലായവ ചെയ്തും ബുദ്ധിയോഗം ബാബയിൽ വെയ്ക്കണം. ഇപ്പോൾ കലിയുഗം പൂർത്തിയായി സത്യയുഗം വരുകയാണ്. പതിതർ സത്യയുഗത്തിലേയ്ക്ക് പോവുകയില്ല. എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രയും പവിത്രമായി മാറും. പവിത്രതയിലൂടെ വളരെ നല്ല ധാരണയുണ്ടാകും. പതിതർക്ക് ഓർമ്മിക്കാനും സാധിക്കില്ല ധാരണചെയ്യാനും സാധിക്കില്ല. ചിലർക്ക് ഭാഗ്യത്തിന്റെ ആധാരത്തിൽ സമയം ലഭിക്കുന്നു, പുരുഷാർത്ഥം ചെയ്യുന്നു, ചിലർക്കാണെങ്കിൽ സമയമേ ലഭിക്കുന്നില്ല, ഓർമ്മിക്കുന്നേയില്ല. ആര് എത്രത്തോളം പ്രയത്നം കഴിഞ്ഞ കല്പത്തിൽ ചെയ്തുവോ അത്രയും പ്രയത്നം ഇപ്പോഴും ചെയ്യും. എല്ലാവർക്കും അവനവനുവേണ്ടി പരിശ്രമിക്കണം. സമ്പാദ്യത്തിൽ നഷ്ടമുണ്ടായാൽ മുമ്പ് പറയുമായിരുന്നു ഇത് ഈശ്വരന്റെ ഇച്ഛയാണ്. ഇപ്പോൾ പറയുന്നു ഡ്രാമ. എന്താണോ കല്പം മുമ്പ് സംഭവിച്ചത് അത് സംഭവിക്കും. ഇപ്പോൾ 4 മണിക്കൂർ ഓർമ്മിക്കുകയാണെങ്കിൽ അടുത്ത കല്പത്തിൽ കൂടുതൽ ചെയ്യും എന്നല്ല. പഠിപ്പിച്ചുതരുകയാണ്. ഇപ്പോൾ പുരുഷാർത്ഥം ചെയ്യുകയാണെങ്കിൽ കല്പ കല്പം നന്നായി പുരുഷാർത്ഥം ചെയ്യും. അതിനാൽ ബുദ്ധി എവിടെയെല്ലാം പോകുന്നുണ്ട് എന്ന് അന്വേഷണം നടത്തൂ. മല്ലയുദ്ധത്തിൽ വളരെയധികം ശ്രദ്ധവേണം. ശരി– ആത്മീയ കുട്ടികൾക്ക് ആത്മീയ ബാപ്ദാദയുടെ സ്നേഹസ്മരണകളും ശുഭരാത്രിയും.

## ധാരണയ്ക്കുള്ള മുഖ്യസാരം–

1. ബുദ്ധിവാനായി മാറുന്നതിനുവേണ്ടി ഓർമ്മയിലൂടെ തന്റെ ബുദ്ധിയെ പവിഴമാക്കി മാറ്റണം. ബുദ്ധി അവിടെയും ഇവിടെയും അലയിക്കരുത്. അച്ഛൻ എന്താണോ കേൾപ്പിക്കുന്നത് അതിനെപ്രതി വിചാരസാഗരമഥനം ചെയ്യണം.

2. വേട്ടാളന് സമാനം ഭൂം ഭൂം ചെയ്ത് നരകവാസികളായിത്തീർന്ന കീടങ്ങളെ ദേവീദേവന്മാരാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യണം. ശുഭകാര്യം ചെയ്യുന്നതിൽ വൈകിക്കരുത്. തന്റെ സഹോദരീ സഹോദരന്മാരെ രക്ഷിക്കണം.

## വരദാനം – സമാനതയുടെ ഭാവനയിലൂടെ ഓരോ ചുവടിലും വിശേഷതയുടെ അനുഭവം ചെയ്യിക്കുന്ന വിശേഷാത്മാവായി ഭവിയ്ക്കട്ടെ.

ഓരോ കുട്ടിയിലും തന്റേതായ വിശേഷതയുണ്ട്. വിശേഷാത്മാക്കളുടെ കർമ്മം സാധാരണ ആത്മാക്കളിൽ നിന്നും വ്യത്യസ്തമാണ്. ഓരോരുത്തരിലും സമാനതയുടെ ഭാവന വെക്കണം, എന്നാൽ അവരെ വിശേഷാത്മാക്കളായി കാണപ്പെടണം. വിശേഷാത്മാക്കൾ അർത്ഥം വിശേഷ കാര്യം ചെയ്യുന്നവർ. കേവലം പറയുന്നവർ മാത്രമല്ല. ഇവർ സ്നേഹത്തിന്റെ ഭണ്ഡാരമാണെന്ന് എല്ലാവർക്കും അനുഭവമാകണം. ഓരോ ചുവടിലും ഓരോ ദൃഷ്ടിയിലും സ്നേഹം അനുഭവപ്പെടണം. ഇതാണ് വിശേഷത.

## സ്ലോഗൻ – സൃഷ്ടിയുടെ കണക്കെടുപ്പിനു മുമ്പ് തന്റെ കുറവിന്റെയും ദുർബലതയുടെയും കണക്കെടുപ്പ് നടത്തൂ.